# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 904 — 01/03/2017 -ൽ മറുപടിക്ക്

## മീനാട് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇനി ഏതെല്ലാം പഞ്ചായത്തുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്; അവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഇപ്പോൾ ആലോചിക്കുന്നത്;<br>(ബി) പ്രസ്തുത പ്രവൃത്തിക്ക് പുറമേ മീനാട് പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് എന്തെല്ലാം പ്രവർത്തികൾ അവശേഷിക്കുന്നുണ്ട്;<br>(സി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ നിർമ്മാണം നടത്താത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) മീനാട് കുടിവെള്ള പദ്ധതിയിൽ ഇതുവരെ മീനാട്, ചിറക്കര പഞ്ചായത്തുകളിലെ വിതരണ ശൃംഖലയുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂയപ്പള്ളി, ചാത്തന്നൂർ, മയ്യനാട്, ആദിച്ചനല്ലൂർ, കരവാളൂർ, നെടുമ്പന, ഇടമുളയ്ക്കൽ, വെളിയം, അഞ്ചൽ, ഇളമാട്, പൂതക്കുളം, ഉമ്മന്നൂർ എന്നീ പഞ്ചായത്തുകളിലെയും പരവൂർ മുനിസിപ്പാലിറ്റിയിലേയും പണികൾ പൂർത്തീകരിക്കാനുണ്ട്.<br>കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി നടപ്പിലാക്കുന്ന മീനാട് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഏകദേശം 963 കി.മീ വരുന്ന വിതരണ ശൃംഖലയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജല വിതരണം നടത്തുവാൻ ഉദ്ദേശിച്ചുള്ളതാണ്. ഇതിനോടകം ആകെ 822 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുകയും അതിൽ 255 കി.മീ പൈപ്പ് ലൈനിൽ കൂടി ജലവിതരണ നടത്തുകയും ചെയ്യുന്നു.<br>ടി പണികൾ ആദ്യം കരാർ ഏറ്റെടുത്തിരുന്നത് M/s. K.Ramakrishna Contractors Pvt Ltd, Hyderabad ആണ്. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ച് പോയതിനാൽ 2012-ൽ M/s. Tecpro Infra Projects Ltd, Kochi എന്ന കമ്പനിക്ക് കരാർ നല്കുകയും ചെയ്തു. പണിയുടെ പുരോഗതി കുറവായിരുന്നതിനാൽ M/s. Tecpro Infra Projects Ltd ന്റെ സേവനം നിർത്തലാക്കുന്നതിനുള്ള |

നടപടി എടുത്തെങ്കിലും ഒരു വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കാമെന്ന കരാറുകാരുടെ വാഗ്ദാനം പരിഗണിച്ച് 2016 ജനുവരിയിൽ കരാർ പുതുക്കി ഒരു വർഷത്തേയ്ക്ക് അവരെ തുടരാൻ അനുവദിച്ചു. എന്നാൽ നേരത്തെയുള്ള പണിയിൽ ഉള്ള ഗ്യാപ്പുകൾ കണ്ടുപിടിക്കുന്നതിലുള്ള ബുദ്ധിമുട്ടും പൊതുമരാമത്തു റോഡുകളിലെ പണികൾക്കുണ്ടായ നിയന്ത്രണങ്ങളും, കരാറുകാരൻ കൂടുതൽ ജോലിക്കാരെ നിയമിക്കാതിരുന്നത് മൂലവും പണിയിൽ ഉദ്ദേശിച്ച പുരോഗതി ഉണ്ടായില്ല. കരാർ പുതുക്കി നല്കിയപ്പോൾ സ്ഥാപിക്കേണ്ടിയിരുന്ന 176 കി.മീ വിതരണ ശൃംഖലയിൽ 35 കി.മീ പണി മാത്രമാണ് ഇതിനോടകം പൂർത്തിയായിട്ടുള്ളത്. പണി പൂർത്തീകരിക്കുന്നതിന് കരാറുകാരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ചയിൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ടെക്പ്രോ ഇൻഫ്രാ പ്രോജക്ടിന് 2016 ന് ശേഷം പണികൾ പുതുക്കി നല്കിയതിനു ശേഷം ചിറക്കര, നെടുമ്പന, ആദിച്ചനല്ലൂർ, പൂയപ്പള്ളി, മയ്യനാട്, ഉമ്മന്നൂർ, എന്നീ പഞ്ചായത്തുകളിലും പരവൂർ പാർട്ട് വില്ലേജിലും മാത്രമാണ് കുറച്ചെങ്കിലും പണികൾ പൂർത്തീകരിക്കാനായിട്ടുള്ളത്. മീനാട് ശുദ്ധജല വിതരണ ശൃംഖലയുടെ ശേഷിക്കുന്ന പണികൾ ഒഴിച്ചുള്ള ഘടകങ്ങളുടെയെല്ലാം പണികൾ ഇതിനോടകം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. വിതരണ ശൃംഖലയിൽ ശേഷിക്കുന്ന പണികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

(ഡി) പ്രവൃത്തി പൂർണമായും കമ്മീഷൻ ചെയ്യാൻ എന്തെല്ലാം സത്വര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ഡി) ശേഷിക്കുന്ന പണികളിൽ അടിയന്തിരമായി ജലവിതരണം ആരംഭിക്കാവുന്ന പ്രവൃത്തികളുടെ മുൻഗണനാക്രമം തയ്യാറാക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതിയുടെ വിതരണ ശൃംഖലയുടെ പൂർണ്ണമായ പൂർത്തീകരണത്തിനായി ഈ വരൾച്ചാ കാലത്ത് പരമാവധി പണികൾ പൂർത്തിയാക്കി കൂടുതൽ പ്രദേശത്ത്

ജലവിതരണം സാധ്യമാക്കുന്നതിനായി നിലവിലുള്ള കരാറുകാരന് മാസാമാസം സ്ഥാപിക്കേണ്ട പൈപ്പ് ലൈൻ പ്രവർത്തിയുടെ ടാർജറ്റ് നിർണ്ണയിച്ച് നൽകി യുദ്ധകാലാടിസ്ഥാനത്തിൽ പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2017 ഡിസംബറോടു കൂടി പണികൾ പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

JSK/

904-Annex

# PROJECT DIVISION, KOLLAM

## JICA ASSISTED KWSP FOR MEENAD & ADJOINING VILLAGES- STATUS

STATUS AS ON 31-01-17

| Sl No | Name of Panchayaths | Name of Village | Reservoir with Capacity in ML | Total length of Distribution system (M) | Length of pipe laid by KRK (M) | Balance length rearranged with R1 (M) | Length of pipe laid by Tecpro-Phase 1 (M) | Cumulative Length of pipes laid (M) | Phase 2: Balance length of pipes to be laid for Phase 2 (m) | Phase 2: Length of lines laid Phase 2 | Phase 2: Balance to be laid | Phase 2: No of gaps balance | Phase 2: No of gaps Completed as on Phase 2 | Length of pipes charged (KM) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | A | B | C | D | E=B+D | F=C-D | G | H=F-G | | | |
| 1 | Pooyapally | Pooyapally | 1.54 | 53,980.00 | 47,699.00 | 6,281.00 | 4,726.04 | 52,425.04 | 1,554.96 | 570.68 | 984.28 | 14 | 3 | 31 |
| 2 | Chathanoor & Chirakkara | Meenad | 3.04 | 64,171.00 | 61,775.00 | 2,396.00 | 2,643.31 | 64,418.31 | 0.00 | 0.00 | | | | 64 |
| | | Chirakkara | | 29,950.00 | 26,923.00 | 3,027.00 | 2,311.52 | 29,234.52 | 715.48 | 786.75 | | | 17 | 30 |
| | | Paravoor Part | | 18,518.00 | 16,315.00 | 2,203.00 | 198.95 | 16,513.95 | 2,004.05 | 90.20 | 1,913.85 | 8 | 4 | 4.2 |
| 3 | Mayyanad & adichaneloor | Adichaneloor | 2.09 | 8,612.00 | 2,634.00 | 5,978.00 | 4,056.00 | 6,690.00 | 1,922.00 | 237.20 | 1,684.80 | | 2 | 4 |
| | | Mayyanad | 1.12 | 88,939.50 | 69,992.00 | 18,947.50 | 1,986.53 | 71,978.53 | 16,960.97 | 4,716.45 | 12,244.52 | 82 | 85 | 21 |
| 4 | Karavaloor | Karavaloor | 1.23 | 67,395.00 | 53,377.00 | 14,018.00 | 3,150.15 | 56,527.15 | 10,867.85 | 0.00 | 10,867.85 | 23 | | 12 |
| 5 | Neduumpana & Pallimon | Neduumpana & Pallimon | 3.63 | 97,841.00 | 68,230.00 | 29,611.00 | 10,427.18 | 78,657.18 | 19,183.82 | 15,610.70 | 3,573.12 | 45 | 68 | 40 |
| 6 | | Paravoor M | 3.09 | 73,875.00 | 64,921.00 | 8,954.00 | 2,626.39 | 67,547.39 | 6,327.61 | 1,215.00 | 5,112.61 | 10 | | |
| 7 | Edamulackal | Edamulackal | 1.19 | 54,939.00 | 44,120.00 | 10,819.00 | 4,817.09 | 48,937.09 | 6,001.91 | 0.00 | 6,001.91 | 5 | | 29 |
| | | Arackal | 1.04 | 46,387.00 | 38,786.00 | 7,601.00 | 1,965.35 | 40,751.35 | 5,635.65 | 0.00 | 5,635.65 | 45 | | 4 |
| 8 | Veliyam & Odanavattom | Veliyam & Odanavattom | 1.68 | 74,049.00 | 53,890.00 | 20,159.00 | 0.00 | 53,890.00 | 20,159.00 | 0.00 | 20,159.00 | 24 | | |
| 9 | Anchal | Anchal | 1.76 | 89,267.00 | 56,947.00 | 32,320.00 | 3,808.00 | 60,755.00 | 28,512.00 | 0.00 | 28,512.00 | 23 | | |
| 10 | Elamadu | Elamadu | 1.34 | 61,691.00 | 36,318.00 | 25,373.00 | 10,499.99 | 46,817.99 | 14,873.01 | 0.00 | 14,873.01 | 38 | | 5 |
| 11 | Poothakulam | Poothakulam | 1.41 | 48,752.70 | 36,131.00 | 12,621.70 | 2,453.48 | 38,584.48 | 10,168.22 | 1,106.00 | 9,062.22 | 15 | | |
| 12 | Ummannoor & Valakom | Ummannoor & Valakom | 1.86 | 84,937.00 | 47,794.00 | 37,143.00 | 6,014.00 | 53,808.00 | 31,129.00 | 10,240.56 | 20,888.45 | 40 | 10 | 11 |
| | TOTAL | TOTAL | | 963,304.20 | 725,852.00 | 237,452.20 | 61,683.98 | 787,535.98 | 176,015.53 | 34,573.54 | 141,513.27 | 372 | 189 | 255.2 |